# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3363      21.12.2012- ൽ മറുപടിക്ക്

**പച്ചക്കറി കൃഷി നാടിനും നഗരത്തിനും പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>,, എ. പി . അബ്ദുള്ളക്കുട്ടി<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, എ. റ്റി. ജോർജ് | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ 'പച്ചക്കറി കൃഷി നാടിനും നഗരത്തിനും' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | എ പച്ചക്കറിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ജനങ്ങളുടെ ഭക്ഷ്യ-പോഷക സുരക്ഷ ഉറപ്പാക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, പച്ചക്കറിയുടെ ആവശ്യവും അവയുടെ ലഭ്യതയും തമ്മിലുള്ള അന്തരം പരമാവധി കുറയ്ക്കുകയും അതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണുകയും ചെയ്യുക, നഗര പ്രദേശങ്ങളിലും നഗരപ്രാന്തങ്ങളിലും പരമാവധി പച്ചക്കറി ഉത്പാദനം സാധ്യമാക്കുക എന്നിവയാണ് 'പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' (വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്) പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി പദ്ധതി നടത്തിപ്പിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; | ബി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനാണ് ഈ പദ്ധതി നടത്തിപ്പിനുള്ള ചുമതല നൽകിയിരിക്കുന്നത്. |
| സി പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | സി സംസ്ഥാന കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ, കേരള കാർഷിക സർവ്വകലാശാല, ഹോർട്ടിക്കോർപ്പ്, സ്വയം സഹായ സംഘങ്ങൾ, സർക്കാരിതര സംഘടനകൾ എന്നീ ഏജൻസികളിലൂടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

| | | |
|---|---|---|
| ഡി | പ്രസ്തുത പദ്ധതി നിലവിൽ എവിടെയെല്ലാം നടപ്പാക്കി വരുന്നുണ്ട് ; വിശദമാക്കുമോ? | ഡി 2011-12 വർഷത്തിൽ 'പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' (വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ്)പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി. 2012-13 വർഷത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് പുറമേ എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ